# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374 — 19.03.2018-ൽ മറുപടിക്ക്

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. രാജഗോപാലൻ<br>,, എസ്.ശർമ്മ<br>,, കെ. ദാസൻ<br>,, കെ.വി.അബ്ദുൾ ഖാദർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ, രാഷ്ട്രീയ കൃഷി വികാസ് യോജന , നബാർഡ്–RIDF പദ്ധതി, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ തീരദേശറോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയും നടപ്പിലാക്കി വരുന്നു. ക്യാപ്പിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ, ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഹാർബറുകളുടെ ഡ്രഡ്ജിംഗും മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |
| (ബി) | തലായി, ചേറ്റുവ, കൊയിലാണ്ടി തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ; തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കുമോ; | (ബി) | പൂർത്തിയായിട്ടില്ല. തലായ്, ചേറ്റുവ, കൊയിലാണ്ടി തുടങ്ങിയ മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. തലായ്, ചേറ്റുവ മത്സ്യബന്ധനതുറമുഖങ്ങൾ 2018 ഏപ്രിൽ മാസവും കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം 2018 മേയ് മാസത്തിലും കമ്മീഷൻ ചെയ്യാൻ കഴിയും.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശറോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ 2016-17 ബഡ്ജറ്റിൽ 55 കോടി രൂപ അനുവദിക്കുകയും 211 റോഡുകൾക്കായി 83.38 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും ചെയ്തു. ടി സാമ്പത്തികവർഷം എസ്.ഡി.ജി.യിൽ 42.53 കോടി രൂപകൂടി |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും 97.52 കോടി രൂപ ചിലവഴിക്കുകയും ചെയ്തു. 2017-18 ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തുകയും നാളിതുവരെ 245 റോഡുകൾക്കായി 115.166 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 456 റോഡുപ്രവൃത്തികളിൽ 9 പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന ഏർപ്പാടാക്കിയിട്ടുള്ളതാണ്. 74 പ്രവൃത്തികൾ പൂർത്തീകരിച്ചു. 136 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ഘട്ടത്തിലും സാങ്കേതികാനുമതി നൽകുന്ന ഘട്ടത്തിലുമാണ്. |
| (സി) | സംസ്ഥാനത്ത് നിർമ്മാണം നടന്ന് വരുന്ന വിവിധ മത്സ്യബന്ധന തുറമുഖങ്ങൾക്ക് വാഗ്ദാനം ചെയ്ത കേന്ദ്ര സഹായം ലഭിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം എന്താണ്; ഏതെല്ലാം മത്സ്യബന്ധന തുറമുഖ നിർമ്മാണ പദ്ധതികളാണ് ഇത്തരത്തിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കേന്ദ്ര പദ്ധതികൾക്കായി 372.12 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്രവിഹിതമായി ലഭിക്കേണ്ടത് 247.07 കോടി രൂപയാണ്. എന്നാൽ നാളിതുവരെ 127.56 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി ഇനി സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടത് 119.50 കോടി രൂപയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി കേന്ദ്രപദ്ധതി വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് കുറവാണ്. സംസ്ഥാനം കൂടുതലായി ചെലവഴിച്ച 84.65 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും റീഇംപേഴ്സ് ചെയ്ത് സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്.<br>കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭിക്കാത്തതു കൊണ്ടും നിർമ്മാണം നടന്നു വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ പുതുക്കിയ ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിലും നിർമ്മാണം നടന്നുവരുന്ന ഹാർബറുകളുടെ പൂർത്തീകരണത്തിനും, പൂർത്തീകരിച്ച ഹാർബറുകളുടെ രണ്ടും മൂന്നുംഘട്ട വികസനത്തിനുമായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ 584 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വെള്ളയിൽ, താനൂർ, അർത്തുങ്കൽ, മഞ്ചേശ്വരം എന്നി കേന്ദ്രസഹായ പദ്ധതികളുടെ പൂർത്തീകരണവും തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, മുനമ്പം എന്നീ ഫിഷിംഗ് ഹാർബറുകളുടെ രണ്ടാംഘട്ട വികസനവും നീണ്ടകര ഫിഷിംഗ് ഹാർബറിന്റെ മൂന്നാംഘട്ടം വികസനവും ചെത്തി, പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമാണ് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടുന്നത്. ചെത്തി, പരപ്പനങ്ങാടി എന്നീ മത്സ്യബന്ധനതുറമുഖങ്ങൾക്ക് വേണ്ടി വരുന്ന 224 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്നും ശേഷിക്കുന്ന പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുമെന്നുമാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ഇതുകൂടാതെ പൊഴിയൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം 2018-19 സാമ്പത്തിക വർഷത്തിൽ തുടങ്ങുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ